# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/155/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 10/05/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, ഇടുക്കി
3. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/155/22 തീയ്യതി: 10/05/2022

## ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-10-2019 മുതൽ 15-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സിനി. എം.വി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 17-01-2022 | 22-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-01-2022 | 22-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. മരുൺ മാത്യു, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനിറ്റാ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. വിഷ്ണുപ്രിയ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. മായ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. റജി മുക്കാട്ട് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ റ്റി സി ഗോപാലകൃഷ്ണൻ | സെക്രട്ടറി | 01-04-2019 | 31-08-2019 |
| ശ്രീമതി ജാൻസി ഐസക് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-09-2019 | 27-09-2019 |
| ശ്രീ ധനേഷ് ബി | സെക്രട്ടറി | 28-09-2019 | 07-11-2019 |
| ശ്രീ ഹർഷൻ എസ് | സെക്രട്ടറി | 08-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഡോ സരീഷ് ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ശ്രീ. സതീശൻ പി എൻ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ശാലിനി പ്രഭ | സി.ഡി.പി.ഒ | 01-04-2019 | 03-08-2019 |
| ശ്രീമതി ഷൈനി ഐസക് | സി.ഡി.പി.ഒ | 04-08-2019 | 03-12-2019 |
| ശ്രീമതി ജാസ്മിൻ കെ ജെ | സി.ഡി.പി.ഒ | 04-12-2019 | 31-03-2020 |
| ശ്രീ റജികുമാർ എ സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സെലീനാമ്മ കെ പി | കൃഷി ഓഫീസർ | 01-04-2019 | 31-08-2019 |
| ശ്രീമതി റീലമ്മ തൊമസ് | കൃഷി ഓഫീസർ - ഇൻ-ചാർജ് | 01-09-2019 | 30-11-2019 |
| ശ്രീമതി റാണി ജേക്കബ് | കൃഷി ഓഫീസർ - ഇൻ-ചാർജ് | 01-12-2019 | 30-12-2019 |
| ശ്രീ സുനിൽ എ ജെ | കൃഷി ഓഫീസർ | 31-12-2019 | 31-03-2020 |
| ഡോ. ക്രിസ്റ്റി ജെ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 08-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 08-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 08-04-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 11-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 11-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jomon Francis (Senior Grade Auditor, On 04-05-2022)<br>Last Updated By: Jomon Francis (Senior Grade Auditor, On 04-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Jomon Francis (Senior Grade Auditor, On 04-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Jomon Francis (Senior Grade Auditor, On 04-05-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Jomon Francis (Senior Grade Auditor, On 04-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Jomon Francis (Senior Grade Auditor, On 04-05-2022) | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Jomon Francis (Senior Grade Auditor, On 04-05-2022) | 1-11 |
| 12 | സാംഖ്യ രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Maya Krishnan (Auditor, On 20-01-2022)<br>Last Updated By: Jomon Francis (Senior Grade Auditor, On 04-05-2022) | 1-12 |
| 13 | കാഞ്ഞാർ വാട്ടർഷെഡ് ഏരിയയിൽ ചെടികൾ നട്ട് പിടിപ്പിക്കൽ - വാല്യുവേഷൻ ഇല്ല<br>Written By: Jomon Francis (Senior Grade Auditor, On 23-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-13 |
| 14 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം - ഡ്രൈവിംഗ് ലൈസൻസ് രേഖകളും വാഹന രജിസ്ട്രേഷൻ രേഖകളും ഹാജരാക്കിയില്ല<br>Written By: Vishnu Priya K (Senior Grade Auditor, On 23-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-14 |
| 15 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് -ബ്ലോക്ക് വിഹിതമായി നൽകിയ മൊത്തം തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Vishnu Priya K (Senior Grade Auditor, On 22-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-15 |
| 16 | ഡയാലിസിസിന് ധനസഹായം -ചെലവഴിക്കാത്ത തുക തിരികെ ഒടുക്കിയില്ല | 1-16 |

| | | |
|---|---|---|
| | Written By: Vishnu Priya K (Senior Grade Auditor, On 23-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | |
| 17 | സഹായഹസ്തം -ഡയാലിസിസിന് ധനസഹായം - ഗ്രാമപഞ്ചായത്ത് വിഹിതത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല<br>Written By: Vishnu Priya K (Senior Grade Auditor, On 23-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-17 |
| 18 | ഇ.എം.ഡി തിരികെ നല്കിയത്-അസ്സൽ രസീത് ഹാജരാക്കിയിട്ടില്ല<br>Written By: Anitta P Samuel (Asst. Audit Officer, On 22-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-18 |
| 19 | ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി സ്പിൽഓവറായും നടപ്പാക്കി<br>Written By: Vishnu Priya K (Senior Grade Auditor, On 23-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-19 |
| 20 | ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല<br>Written By: Marun Mathew (Asst. Audit Officer, On 24-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Anitta P Samuel (Asst. Audit Officer, On 18-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 08-04-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anitta P Samuel (Asst. Audit Officer, On 18-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 08-04-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anitta P Samuel (Asst. Audit Officer, On 18-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 11-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Anitta P Samuel (Asst. Audit Officer, On 18-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 11-04-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Anitta P Samuel (Asst. Audit Officer, On 18-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 11-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Anitta P Samuel (Asst. Audit Officer, On 18-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 11-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anitta P Samuel (Asst. Audit Officer, On 18-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 09-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Anitta P Samuel (Asst. Audit Officer, On 18-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 11-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Anitta P Samuel (Asst. Audit Officer, On 18-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 11-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jomon Francis (Senior Grade Auditor, On 24-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 09-05-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Anitta P Samuel (Asst. Audit Officer, On 18-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 09-05-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

₹1,72,43,450/- മുന്നിരിപ്പും ₹ 27,40,16,400/- വരവും ₹ 27,42,97,000/- ചെലവും ₹ 1,69,62,850/- നീക്കിയിരുപ്പും പ്രതീക്ഷിക്കുന്ന 2019-20 വർഷത്തെ ബജറ്റ് 27.2.2019 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2020 | 12-06-2020 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 42191598 |
| വരവ് | 42510599 |
| ആകെ | 84702197 |
| ചെലവ് | 63266554 |
| നീക്കിയിരിപ്പ് | 21435643 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതുവിഭാഗം | - | 58053000 | 58053000 | 25141330 | 32911670 |
| | പട്ടികജാതി | - | 5085900 | 5085900 | 3710340 | 1375560 |
| | പട്ടിക വർഗ്ഗം | - | 7232100 | 7232100 | 2326876 | 4905224 |
| മെയിന്റനൻസ് ഗ്രാന്റ് | നോൺറോഡ് | - | 7581000 | 7581000 | 3436898 | 4144102 |
| | സമ്പൂർണ്ണ ശുചിത്വം | 1043899 | 51955 | 1095854 | 24 | 1095830 |
| | ഇന്റഗ്രേറ്റഡ് വാട്ടർ മാനേജ്മെന്റ് പ്രൊജക്ട് | 8521197 | 414080 | 8935277 | 6893515 | 2041762 |
| | പ്രത്യേക കേന്ദ്ര വിഹിതം | - | 17500 | 17500 | 17500 | - |
| | സാക്ഷരത | 229490 | 6512 | 236002 | 236002 | 0 |
| | ഹാഡ | 333179 | 11477 | 344656 | 0 | 344656 |
| | പശ്ചിമഘട്ടം | 7377 | 286 | 7663 | 7663 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 95278790 | 60 | 34661183 | 0 | 63 | 48.78% |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | അടങ്കൽ(₹) | ചെലവ്(₹) |
|---|---|---|---|---|
| അസ്സിസ്റ്റന്റ് ഡയറക്ടർ, കൃഷി | 5 | 5 | 5868000 | 813670 |
| മെഡിക്കൽ ഓഫിസർ, കമ്യൂണിറ്റി ഹെൽത്ത് സെന്റർ | 6 | 6 | 3336880 | 2038735 |
| മെഡിക്കൽ ഓഫിസർ (ആയുർവേദം | 1 | 1 | 1145250 | 951733 |
| പട്ടികജാതി വികസന ഓഫീസർ | 2 | 2 | 1599200 | 1525000 |
| ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | 6 | 4 | 6851223 | 2971235 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 22 | 12 | 25654402 | 14405189 |
| ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | 3 | 2 | 2055740 | 1454920 |
| ഡയറി എക്സ്റ്റെൻഷൻ ഓഫിസർ | 2 | 0 | 1900000 | 0 |
| അസി. എഞ്ചിനിയർ | 75 | 27 | 45642667 | 9275273 |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ | 1 | 1 | 1225428 | 1225428 |
| ആകെ | 123 | 60 | 95278790 | 34661183 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-1-2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം

രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.8.2021 | 2020-21 | 6.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.02.2015-26.02.2015 | 2013-14 വരെ | 11.05.2019 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. വാടകയിനങ്ങളുടെ ഡി സി ബി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നവയുടെ കൃത്യത പരിശോധിക്കാനായില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ബി-7, RP-34 & RP-36 ഷെഡ്യൂളുകൾ പ്രകാരം ഈ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ₹ 275804/-യുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചില്ല.

3. ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല.

4. ബി-4 ഷെഡ്യൂൾ പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തി ബാധ്യതകൾ ഏതൊക്കെ അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിരിക്കുന്നതെന്നുള്ള വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

## 1-12 സാംഖ്യ രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2019 ആഗസ്റ്റ് 29 മുതൽ 2020 മാർച്ച് 31 വരെയുള്ള സാംഖ്യ രസീതുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/ 17-01-2022 ന് മറുപടി ഹാജരാക്കിയില്ല. ഡേ ബുക്ക്, പാസ് ബുക്ക് എന്നിവ പ്രകാരം പിരിവ് തുകകളുടെ അടവ് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച ആധികാരിക രേഖയായ സാംഖ്യ രസീതുകൾ കാണാതായത് അക്കൗണ്ടിങ്ങ് വിഭാഗത്തിൽ പെട്ട ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തിലുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ചുമതലകൾ കൃത്യമായി നടപ്പാക്കുന്നുവെന്ന് ഭരണാധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ വകുപ്പ് എന്നിവരുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 കാഞ്ഞാർ വാട്ടർഷെഡ് ഏരിയയിൽ ചെടികൾ നട്ട് പിടിപ്പിക്കൽ - വാല്യുവേഷൻ ഇല്ല

| | |
|---|---|
| പദ്ധതി നം / പേര് | S061/21 കാഞ്ഞാർ വാട്ടർഷെഡ് ഏരിയയിൽ ചെടികൾ നട്ട് പിടിപ്പിക്കൽ |
| അടങ്കൽ | 400000 / 41670 |
| ചെലവ് ₹/ബിൽ നം/തുക | 19100663011801639132 / 30.3.2020/₹41670/- |
| നിർവ്വഹണം | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |

മേൽ പദ്ധതിക്കായി 2019-20 ൽ ₹ 41670/- ശ്രീ ജോസഫ് ചാക്കോ പുളിയൻമാക്കൽ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. എന്നാൽ എന്ത് പ്രവൃത്തിക്കാണ് ഈ തുക നൽകിയതെന്നുള്ള വിവരങ്ങൾ ഇല്ല. “കാഞ്ഞാർ വാട്ടർഷെഡ് ഏരിയയിൽ ചെടികൾ നട്ട് പിടിപ്പിക്കൽ” എന്നാണ് പദ്ധതിയുടെ പേര് എങ്കിലും കാട് വെട്ടൽ, കുറ്റിപറിക്കൽ എന്നിവയ്ക്കായിട്ടാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. പ്രവൃത്തി

നടത്തിയതിന്റെ വാല്യുവേഷൻ, മസ്റ്റർറോൾ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 04 തീയതി 20.01.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹ 41670/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-14 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം - ഡ്രൈവിംഗ് ലൈസൻസ് രേഖകളും വാഹന രജിസ്ട്രേഷൻ രേഖകളും ഹാജരാക്കിയില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സി.ഡി.പി.ഒ |
| പ്രോജക്റ്റ്നം. | (124/20) |
| ഫണ്ട് | വികസനഫണ്ട് ജനറൽ |
| ബിൽ നം. & തുക | 2/19-20 /19.7.2019 – ₹276800/-<br>5/19-20/23.09.2019- ₹415200/-<br>10/19-20/30.01.2020- ₹138400/- |

ശിശു വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 ൽ സ്പിൽ ഓവറായി നടപ്പാക്കിയ ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം (124/20) പദ്ധതിയ്ക്കായി ₹830400/-ചെലവഴിച്ചിട്ടുണ്ട് . ടെണ്ടറിൽ കുറവ് തുക ക്വോട്ട് ചെയ്ത തൊടുപുഴ ടോപ്പ് ഗിയർ എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും ഒരു വാഹനത്തിന് ₹69200/- നിരക്കിൽ (ജി.എസ്.ടി, ഇൻഷുറൻസ് ഉൾപ്പെടെ) ചെലവഴിച്ച് 12 സ്കൂട്ടറുകൾ വാങ്ങി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾ, ബ്ലോക്ക് പഞ്ചായത്തുമായി ഏർപ്പെട്ട കരാർ ഉടമ്പടിയിലെ 1-ാം വ്യവസ്ഥ പ്രകാരം വാഹനം ലഭിച്ച് 3 മാസത്തിനകം ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസ് ഹാജാക്കണമെന്നും, 9-ാം വ്യവസ്ഥ പ്രകാരം വാഹനങ്ങൾ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകൾ ഹാജരാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2 ഗുണഭോക്താക്കൾ മാത്രമാണ് ആയവ ഹാജരാക്കിയിട്ടുള്ളത്. ഡ്രൈവിംഗ് ലൈസൻസും വാഹന രജിസ്ട്രേഷൻ രേഖകളും ഹാജരാക്കിയിട്ടില്ലാത്ത 10 ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് |
|---|---|
| 1 | റോസ്മേരി സാബു തറക്കുന്നേൽ, ഉദയാസിറ്റി, ഉപ്പുതോട് |
| 2 | ബിജുതോമസ്, താഴത്ത് വീട്ടിൽ, അറക്കുളം |
| 3 | കുട്ടപ്പൻ, പച്ചക്കല്ലിൽ, വാത്തിക്കുടി |
| 4 | പാപ്പച്ചൻ.ടി.കെ, കട്ടക്കൽ, അറക്കുളം |
| 5 | സീന സന്തോഷ്, കൊച്ചുകാട്ട്, മരിയാപുരം |
| 6 | സുമേഷ്.എസ്, ചെരുപ്പേശ്ശിൽ, അറക്കുളം |
| 7 | അന്നമ്മറോയ്, കൊല്ലംമാവുടിയിൽ, കഞ്ഞിക്കുഴി |
| 8 | ജോൺ.സി.വി, ചാമപ്പാറയിൽ, മണിപ്പാറ.പി.ഒ, വാഴത്തോപ്പ് |
| 9 | സുബാഷ്.പി.വി, പനന്താനം, പുഷ്പഗിരി |
| 10 | വിൽസൺ.സി, ആനക്കാട്ട്പറമ്പിൽ, രാജപുരം |

ആനുകൂല്യം കൈപ്പറ്റി സമയപരിധിക്കുള്ളിൽ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതു സംബന്ധിച്ച് മുൻ റിപ്പോർട്ടിലും പരാമർശമുണ്ടായിരുന്നതാണ്. മുൻ വർഷം നടപ്പാക്കിയ പദ്ധതിയുടെ തുടർച്ചയായി സ്പിൽഓവറായി നടപ്പിലാക്കിയ പദ്ധതിയിലും കൃത്യമായ മോണിട്ടറിംഗ് നടത്തിയിട്ടില്ല എന്നത് അംഗീകരിക്കാനാകില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 5/20.01.22) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾ ഇൻവാലിഡ് കാര്യേജ് ലൈസൻസ് എടുത്തതിന്റേയും വാഹനങ്ങൾ രജിസ്റ്റർ ചെയ്തതിന്റേയും രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ 10 സ്കൂട്ടറുകളുടെ വിലയായ ₹692000/- തടസ്സപ്പെടുത്തുന്നു.

1-15 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് -ബ്ലോക്ക് വിഹിതമായി നൽകിയ മൊത്തം തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം -(83/20)
നിർവ്വഹണ ഉദ്യോഗസ്ഥൻ - ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ
ഫണ്ട് – വികസനഫണ്ട് ജനറൽ

2019-20 വർഷം മേൽ പദ്ധതി പ്രകാരം അറക്കുളം ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതമായി ₹250000/- നൽകിയതിൽ ₹144314/- ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്.

ചെലവാക്കാതെ ശേഷിക്കുന്ന തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി 05/20.01.2022) മറുപടി ലഭ്യമാക്കിയില്ല. ചെലവാക്കാതെ ശേഷിക്കുന്ന ₹105686/- സഞ്ചിതനിധിയിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-16 ഡയാലിസിസിന് ധനസഹായം -ചെലവഴിക്കാത്ത തുക തിരികെ ഒടുക്കിയില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി |
| പ്രോജക്ട് നം. | 79/19) |
| ഫണ്ട് | വികസന ഫണ്ട് ജനറൽ |
| അടങ്കൽ | ₹750000/- |
| ചെലവ് | ₹350000/- |
| ബിൽ നം. തീയതി /തുക | 19100663012800596545/22.9.2019 – ₹ 50000/-<br>19100663012800717712/22.10.2019 – ₹ 50000/-<br>19100663012801077124/14.01.2020 – ₹ 250000/- |

2019-20 വർഷം നടപ്പിലാക്കിയ സഹായഹസ്തം -ഡയാലിസിസിന് ധനസഹായം എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ സാംഖ്യ ജനറേറ്റഡ് പേമെന്റ് ബില്ലുകൾ പ്രകാരം കാമാക്ഷി, വാഴത്തോപ്പ് അറക്കുളം ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകിയതായി കാണുന്നു. തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്ത് | തുക |
|---|---|---|
| 1 | കാമാക്ഷി | 50000/- |
| 2 | വാഴത്തോപ്പ് | 50000/- |
| 3 | അറക്കുളം | 250000/- |

എന്നാൽ മെഡിക്കൽ ഓഫീസർ 30.12.2021 ൽ കാമാക്ഷി, മരിയാപുരം, അറക്കുളം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിരിക്കുന്ന 657/2021 നമ്പർ കത്തിൽ 2019-20 വർഷം നടപ്പിലാക്കിയ സഹായഹസ്തം – ഡയാലിസിസിന് ധനസഹായം എന്ന പദ്ധതി മുഖേന അറക്കുളം ഗ്രാമപഞ്ചായത്തിന് ₹250000/- യും കാമാക്ഷി, മരിയാപുരം, ഗ്രാമപഞ്ചായത്തുകൾക്ക് ₹50000/- വീതവും ആകെ ₹350000/- നൽകിയിട്ടുണ്ടെന്നും ടി തുക ചെലവഴിക്കാത്തതിനാൽ തിരികെ സർക്കാരിലേക്ക് ഒടുക്കി ആയതിന്റെ ചെല്ലാൻ രസീതിന്റെ പകർപ്പ് ഹാജരാക്കണമെന്നും അറിയിച്ചിരിക്കുന്നു. രേഖകളിൽ പൊരുത്തക്കേടുകൾ ഉള്ളതിനാൽ പ്രോജക്ട് നം. 79/19 പ്രകാരം ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/20.01.22) മറുപടി ലഭ്യമാക്കിയില്ല. ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

കൂടാതെ ഗ്രാമപഞ്ചായത്തുകൾ ചെലവഴിക്കാത്ത തുക യഥാഫണ്ടിൽ തിരികെ ഒടുക്കി, ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി ചെലവായി ഉൾപ്പെടുത്തിയിരിക്കുന്ന ₹350000/- തടസ്സപ്പെടുത്തുന്നു.

## 1-17 സഹായഹസ്തം -ഡയാലിസിസിന് ധനസഹായം - ഗ്രാമപഞ്ചായത്ത് വിഹിതത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി |
| പ്രോ.നം | 98/19 സ്പിൽ ഓവർ |
| ഫണ്ട് | വികസന ഫണ്ട് ജനറൽ -₹ 263080/-<br>ഗ്രാമപഞ്ചായത്ത് വിഹിതം -₹400000/-<br>ആകെ – ₹663080/- |

സഹായഹസ്തം ഡയാലിസിസിന് ധനസഹായം (പ്രോ.നം 98/19), സ്പിൽ ഓവർ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ വികസനഫണ്ടിൽ നിന്നും ₹263080/- വകയിരുത്തിയ ₹262350/- യും ചെക്ക് നം.6322902/20.05.19 ₹304050/- യും ഉൾപ്പെടെ ആകെ ₹566400/- 29 ഗുണഭോക്താക്കൾക്ക് നൽകിയതായി കാണുന്നു. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റിൽ ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/19-20/20.01.22) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ടി പദ്ധതിയ്ക്കായി ലഭിച്ച തുക, ചെലവഴിച്ച തുക, ചെലവഴിക്കാതെ തിരികെ ഒടുക്കിയ തുക എന്നിവയുടെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-18 ഇ.എം.ഡി തിരികെ നല്കിയത്-അസ്സൽ രസീത് ഹാജരാക്കിയിട്ടില്ല

2019-20 വർഷം ഇ.എം.ഡി ഇനത്തിലെ താഴെ പറയുന്ന തുകകൾ മടക്കി നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയവരുടെ വിശദാംശങ്ങളോ തുകയടച്ചതിന്റെ അസ്സൽ രേഖകളോ പരിശോധനയ്ക്ക് ലഭ്യമായില്ല.

| ചെക്ക് നമ്പർ/തിയതി | തുക ₹ |
|---|---|
| 160768/14-8-2019 | 7500 |
| 160770/19-8-19 | 7500 |
| 160776/31-8-19 | 6800 |
| 160768/14-8-2019 | 7500 |
| 160769/14-8-19 | 7500 |
| 160770/19-8-19 | 7500 |
| 160790/20-11-19 | 7500 |
| 164607/4-12-19 | 11250 |
| 164608/4-12-19 | 11250 |

| | |
|---|---|
| 164615/18-2-2020 | 10000 |
| 164619/11-3-2020 | 4400 |
| 164620/11-3-2020 | 2500 |

വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-19 ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി സ്പിൽഓവറായും നടപ്പാക്കി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നം – 102/20 | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പശുവിതരണം |
| ഫണ്ട് | വികസനഫണ്ട് എസ്.സി.പി |
| ചെലവ് | 25000/- (ബിൽ നം 1/5.04.2019) |

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172 ഉപവകുപ്പ് 1 പട്ടിക 4 പ്രകാരവും തദ്ദേശ സ്വയംഭരണവകുപ്പിന്റെ 14.02.2018 -ലെ സർക്കാർ ഉത്തരവ് (കൈ) നം. 22/2018 തസ്വഭവ പദ്ധതി മാർഗ്ഗരേഖ അനുസരിച്ചും ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പശുവിതരണം എന്ന പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് മുൻ റിപ്പോർട്ടിലും പരാമർശം ഉണ്ടായിരുന്നതാണ്. 2018-ലെ അതിരൂക്ഷമായ പ്രളയത്തിൽ സംസ്ഥാനത്തെ കാലി സമ്പത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടെന്ന കാര്യം പരിഗണിച്ച് 05/09/2018-ലെ കോ-ഓർഡിനേഷൻ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമവികസന കമ്മീഷണറേറ്റ് 22/10/2018-ൽ പുറപ്പെടുവിച്ച നം. 5484/ഡിപി 4/2018/സി ആർ ഡി സർക്കുലർ പ്രകാരം ക്ഷീര കർഷകർക്ക് പലിശരഹിത വായ്പ ലഭിക്കുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുവാനാണ് നിർദ്ദേശിച്ചിരുന്നത്. 2019-20 വർഷം പദ്ധതി സ്പിൽഓവറായി നടപ്പിലാക്കിയപ്പോഴും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് തുക നൽകിയിരിക്കുന്നത്. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച ₹25000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കോ-ഓർഡിനേഷൻ കമ്മറ്റിയുടെ സാധൂകരണം വാങ്ങി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-20 ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20- വർഷം ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ 53 പദ്ധതികളുടെ ടെണ്ടർ ഫീ ഇനത്തിൽ ₹ 163060/- എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ എസ് ജി ഡി ഡിവിഷൻ ഇടുക്കിയുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നാളിതുവരെയും വരവ് വച്ചിട്ടില്ല. ടെണ്ടർ ഫീ ഇനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് ചെന്നിട്ടുള്ള തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ /തിയതി |
|---|---|---|
| 2019-20 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. | - |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| പദ്ധതി നമ്പർ | പദ്ധതി | തുക ₹ |
|---|---|---|
| 98/20 | സഹായ ഹസ്തം-ഡയാലിസിസ് ധനസഹായം | 400000 |

* മേൽ തുക ലഭ്യമായതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ സുലേഖയിൽ ചേർത്തിട്ടില്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ /വായ്പ തിരിച്ചടവ്

2019-20 വർഷം സുലേഖ പ്രകാരം ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ₹497500/- ഉണ്ട്. എന്നാൽ പ്രസ്തുത വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 28 | 2001-02 | - | ജനകീയാസൂത്രണപദ്ധതിയിൽ ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള ധനാപഹരണം | - |
| 1998-99 | - | 2002-03 | 32 | മത്സ്യബൂത്തിന് അനധികൃതമായി തുക നൽകി | - |

| | | | | | |
|---|---|---|---|---|---|
| 1998-99 | - | 2002-03 | 33 | ബോധവത്കരണ വൈദ്യസഹായ ക്യാമ്പുകൾ നടത്തിയതിലെ ക്രമക്കേടുകൾ | - |
| 1999-00 | - | 2002-03 | 30 | കമ്പ്യൂട്ടർ ട്രെയിനിംഗ് -ധനാപഹരണം | - |
| 2001-02 | 2(2) | 2004-05 | 6(1) | ഫോട്ടോ കോപ്പിയറിന് അധിക തുക നൽകി | |
| 2005-06 | 3-6 | 2009-10 | 2-8 | നിക്ഷേപവേലകൾ പൂർത്തിയാക്കിയില്ല വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് ₹6,02,150/- നൽകി | - |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് സർട്ടിഫിക്കറ്റ് നടപടികൾ

- ഇല്ല -

ബി) സർചാർജ് സർട്ടിഫിക്കറ്റ് നടപടികൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./തീയതി | തുക | | | | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1995-96 & 96-97 | 22 | അധിക നിരക്കിൽ വീട്ടുവാടക നൽകിയത് - ₹1,209/- നിരാകരണം. (373+94+ 95+ 13+634) | LF.15178/ Spl.Cell/ C2/ 2000/ 18.10.2001 | 373, 634 | - | | - | - | - | - | 373634 | - |
| 2 | 1995-96 & 96-97 | 23 (1) | അധിക യാത്രാപ്പടി നൽകിയത് | LF.15178/ Spl.Cell/ C2/ 2000/ | 3120 | 3120 | | | | | | LFI-3/364 /2003/ 10.6.2003 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | നിരാകരിക്കുന്നു. ₹3,120/- | 18.10.2001 | | | | | | | | പ്രകാരം തുകയുടെ (3120/-) ഒടുക്ക വിവരം ബോധ്യപ്പെട്ടു | |
| 3 | 1998-99 | 34 | കെ. ആർ മൻമഥൻ, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | LF.19377/ Sc2/02/ 30.5.03 | 30000 | | | | | | | 30000 | |
| 4 | 1998-99 | 20, 21, 31(1,2),32 | എ. തങ്കപ്പൻ, ബി.ഡി.ഒ. | LF.19377/ SC2/02/ 1.11.03 | 66732 | | | | 31(2) WP(C) 2898/ 2010 Hon'ble HC, Kerala | | ഒ.പി.നം. 6/2004, തീ.2.2.07 പ്രകാരം നടപടികൾ ഒഴിവാക്കി | | |
| 5 | 1998-99 | 33(1) | അഗസ്റ്റിൻ തോമസ് | LF.19377 /SC2/ 02/dt. 12.06.03 | 8530 | | | | | | | 8530 | |
| 6 | 1998-99 | 42 | പി.ഡി. ജോസ്, ബി.ഡി.ഒ. | LF.19377/ SC2/ 02/ Dt. 12.06.03 | 30000 | | | | | | | 30000 | |
| 7 | 1999-00 | 31 | പി.ഡി. ജോസ്, ബി.ഡി.ഒ. | LF.2643// Spl.Cell/ SC2/ 2005/DT. 23.8.06 | 9000 | – | | – | – | – | – | 9000 | – |
| 8 | 1999-00 | 29, 30 | എം.സി. തോമസ്, സെക്രട്ടറി | LF.2643// Spl.Cell/ SC2/ 2005/DT. 23.8.06 | 21300 | – | | – | – | – | – | 21300 | – |
| 9 | 1999-00 | 29, 30, 27, 31 | എം.സി. തോമസ്, സെക്രട്ടറി | LF.2643// Spl.Cell/ SC2/ 2005/DT. 23.8.06 | 21300+ 20000 (പലിശ) | – | | – | – | – | – | 21300+ 20000 | – |
| 10 | 2001-02 | 2.2 | സി.എസ്. ഗോപിനാഥൻ, സെക്രട്ടറി | LF.6045/ Spl.Cell/ SC2/ 2006/ 21.8.06 Certificate Date . 27.12.06 | 49547 | – | | – | – | – | – | 49547 | – |
| 11 | 2009-10 | 3.12 | – | – | 5950 | – | | – | – | – | – | 5950 | – |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹42510599 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹ 63266554 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹1108670 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 41670 | ശ്രീ. സുനിൽ.എ.ജെ., കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-14 | 692000 | ശ്രീമതി. കെ.ജെ. ജാസ്മിൻ, സിഡിപിഒ |
| 1-16 | 350000 | ഡോ.സരീഷ് ചന്ദ്രൻ, മെഡിക്കൽ ഓഫീസർ, സിഎച്ച്സി |
| 1-19 | 25000 | ശ്രീ. പി.എൻ. സതീശൻ, പട്ടികജാതി വികസന ഓഫീസർ |
| ആകെ | 1108670 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുനിൽ.എ.ജെ., കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഇടുക്കി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഇടുക്കി, അറക്കുളം | ലഭ്യമല്ല |
| ശ്രീമതി. കെ.ജെ. ജാസ്മിൻ, സിഡിപിഒ | സിഡിപിഒ | കരോട്ട്മുറിയിൽ വാട്, ചാമാംപതാൽ പി.ഒ., വാഴൂർ, കോട്ടയം -686517 |
| ഡോ.സരീഷ് ചന്ദ്രൻ, മെഡിക്കൽ ഓഫീസർ, സിഎച്ച്സി | മെഡിക്കൽ ഓഫീസർ, സിഎച്ച്സി | വാഴേമ്യാലിൽ, രാജമുടി പി.ഒ. പതിനാറാംകണ്ടം, ഇടുക്കി |

| | | |
|---|---|---|
| ശ്രീ. പി.എൻ. സതീശൻ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ | പാറയിൽ വീട്, പടിഞ്ഞാറേ കോടിക്കുളം, തൊടുപുഴ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക കളുടെ എണ്ണം | ഖണ്ഡിക നം |
|---|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.ഐ.-3/488/99/ 08.01.99/31.05.99 | | |
| 1997-98 | എൽ.എഫ്.ഐ.3/489/99/ 27.02.99/31.05.99 | | |
| 1998-99 | എൽ.എഫ്.ഐ.3/466/01/ 30.04.02/30.04.12 | | |
| 1999-2000 | എൽ.എഫ്.ഐ.3/82/02/253/02/ 11.07.02 | | |
| 2000-01 | എൽ.എഫ്.ഐ.3/445/03/ 07.11.03/29.11.2003 | | |
| 2001-02 | എൽ.എഫ്.ഐ.4/230/04/ 04.11.04/11.01.05 | | |
| 2002-03 | ചെലവ് ഓഡിറ്റ് മാത്രം | | |
| 2003-04, 2004-05, 2005-06 | എൽ.എഫ്.ഐ.4/243/09/ 10.11.09/08.02.10 | | |
| 2006-07 | എൽ.എഫ്.ഐ-4/445/12/20.6.12 | 13 | 2-1,2-2, 2-3, 3-1 മുതൽ 3-10 വരെ |
| 2007-08 | എൽ.എഫ്.ഐ-4/446/12/20.6.12 | 12 | 2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-8 വരെ |
| 2008-09 | എൽ.എഫ്.ഐ-4/682/12/20.6.12 | 6 | 3-1 മുതൽ 3-6 വരെ |
| 2009-10 | എൽ.എഫ്.ഐ-4/1138/13/6.11.13 | 12 | 2-1, 2-2, 3-1, 3-2, 3-4 മുതൽ 3-12 വരെ |
| 2010-11 | എൽ.എഫ്.ഐ-4/271/14/8.7.14 | 11 | 2-1 മുതൽ 2-3 വരെ, 3-1, 3-3 മുതൽ 3-9 വരെ |
| 2011-12 & 12-13 | എൽ.എഫ്.ഐ-13/1366/14/ 12.12.14 | 12 | 3-1 മുതൽ 3-12 വരെ |
| 2013-14 & 14-15 | കെ.എസ്.എ.എെ.ഡി.കെ-13/515/ 17/ 1.6.17 | 12 | 2-1, 3-1 മുതൽ 3-10 വരെ, 3-12 |
| 2015-16 | കെ എസ് എ-ഐ ഡി കെ.-13/286/ 17/ 28.2.18 | 11 | 1-12, 2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-6 വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ.4/1619 / 17/14.12.17 | 11 | 1-12, 2-2,2-3, 3-1 മുതൽ 3-8 വരെ |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ.13/120/19 തി. 25.03.2019 | 8 | 1-11, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5 |
| 2018-19 | KSA-IDK-13/1028/2019/dt.30.01.2020 | 7 | 1-11, 1-12, 1-13, 1-17, 1-19, 4-8, 4-11 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്